'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ) - വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതി (KIIFB പ്രോജക്ട്) നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന കച്ചവടക്കാർക്കുള്ള പുനരധിവാസത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി ട്രിഡയെ നിയമിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1865/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/08/2019

---

പരാമർശം:- 1 24/11/2015 ലെ സ.ഉ.(സാധാ.) നം .6203/2015/റ.വ.

2 06/10/2017 ലെ സ.ഉ.(സാധാ.) നം .4208/2017/ റ.വ.

3 08/01/2018 ലെ സ.ഉ.( സാധാ.) നം . 122/2017/Plg.

4 22/03/2019 ലെ കെ3-61043/2017/ നമ്പർ വിജ്ഞാപനം.

5 ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെയും ബഹു. പൊതുമരാമത്തുവകുപ്പ് മന്ത്രിയുടെയും അദ്ധ്യക്ഷതയിൽ KIIFB ഉദ്യോഗസ്ഥരുമായി 24/07/2019-ന് നടത്തിയ യോഗത്തിലെ തീരുമാനം.

**ഉത്തരവ്**

വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് (through direct/negotiated purchase) ജില്ലാ കളക്ടർക്ക് അനുമതി നല്കി പരാമർശം 1, 2 എന്നിവ പ്രകാരം റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി പദ്ധതിയ്ക്കു സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റിക്വയറിംഗ് ബോഡിയായി ട്രിഡയെ നാമകരണം ചെയ്യുകയും തുടർന്ന് ട്രിഡ സ്ഥലം ഏറ്റെടുത്ത് നല്കുന്നതിനായി പരാമർശം 3 പ്രകാരം 45 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിരുന്നുവെങ്കിലും പൊന്നുംവില നടപടികൾക്കുള്ള ഫണ്ട് അനുവദിച്ച് കിട്ടാത്തതിനാൽ വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനത്തിനുള്ള പൊന്നുംവിലനടപടിയുടെ വിജ്ഞാപനം പരാമർശം 4 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ജില്ലാ കളക്ടർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

2.വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം KIIFB മുഖേന നടപ്പിലാക്കുന്നതിനുള്ള പദ്ധതിയുമായി മുന്നോട്ട് പോകുവാൻ പരാമർശം 5 പ്രകാരം

തീരുമാനിച്ചിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, 24.07.2019-ന് ചേർന്ന യോഗ തീരുമാന പ്രകാരം വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന കച്ചവടക്കാർക്കുള്ള പുനരധിവാസത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പദ്ധതി (KIIFB പ്രോജക്റ്റ്) നടപ്പിലാക്കുന്നതിനുള്ള സ്പെഷ്യൽ പെർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി ട്രിഡയെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽബിഎ) കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
റവന്യൂ വകുപ്പ്.
പൊതുമരാമത്ത് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, എം.കെ.എം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ